# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3385**

**23.06.2014- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ബഷീർ:** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു.<br>1. പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ (റയിൽവേ ഒഴികെയുള്ള) 90% ഏറ്റെടുത്തു. പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>2. പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.<br>3. പദ്ധതിയുടെ Detailed Project Report ഉം Master Plan ഉം തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിനു വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.<br>4. തുറമുഖത്തിന് ആവശ്യമായ ജലം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. അതിൽ നിന്നും തദ്ദേശവാസികൾക്കു കൂടി വെള്ളം വിതരണം ചെയ്യുന്ന സാമൂഹിക പ്രതിബദ്ധതാ പദ്ധതിയും പൂർത്തിയാക്കി.<br>5. പദ്ധതിയ്ക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. |

6. റയിൽ കണക്ടിവിറ്റിക്കുള്ള സർവ്വേ പൂർത്തിയാക്കി Detailed Project Report തയ്യാറാക്കി. ഇതിന് കേന്ദ്ര റയിൽവേ യുടെ അംഗീകാരത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു.

7. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും Viability Gap Funding ലഭ്യമാക്കുന്നതിനുള്ള നടപടിക്രമ ങ്ങൾ പൂർത്തിയാക്കി അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. അതിൻമേലുള്ള ചർച്ച നടന്നുവരുന്നു.

8. പദ്ധതി നിർമ്മാണത്തിനും നടത്തി പ്പിനുമുള്ള സ്വകാര്യ പങ്കാളിയെ കണ്ടെ ത്തുന്നതിനുള്ള ആഗോള ടെണ്ടർ നടപടികൾ പാരിസ്ഥിതിക അനുമതി ലഭിച്ച ഉടൻ ആരംഭിച്ചു. 5 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്തു. ആഗസ്റ്റ് മാസത്തോടുകൂടി സ്വകാര്യ പങ്കാളിയെ കണ്ടെത്തി ഡിസംബർ മാസത്തിൽ നിർമ്മാണ പ്രവർത്തന ങ്ങൾ തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.

9. പദ്ധതിക്ക് കബോട്ടേജ് നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നിലവി ലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(സി) പദ്ധതിക്ക് ലഭിച്ച പാരിസ്ഥിതിക അനുമതിക്ക് എതിരായി ദേശീയ ഹരിത ട്രൈബ്യൂണ ലിന്റെ ഡൽഹി ബഞ്ചിലും ചെന്നൈ ബഞ്ചിലും കേസുകൾ നിലവിലുണ്ട്. ഇതിൽ ഡൽഹി ബെഞ്ചിലെ വാദം പൂർത്തിയാക്കി കേസ് വിധിയ്ക്കായി മാറ്റി വച്ചു. ചെന്നൈ ബെഞ്ചുകളിലെ വാദം 2014 ജൂലൈ 1-ാം തീയതി തുടരും. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് ഈ കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാന ത്തിലായിരിക്കും.

സെക്ഷൻ ഓഫീസർ